## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4898** **26.06.2019 ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വാഹനങ്ങളുടെ എണ്ണം**

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ വാഹനങ്ങളുടെ എണ്ണം എത്രയാണ്; തരംതിരിച്ച് വ്യക്തമാക്കുമോ; | (എ) | 31/03/2019 വരെ ആകെ 1,33,19,353 വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ട്രാൻസ്പോർട്ട് വാഹനങ്ങൾ - 16,44,955 നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ - 1,16,74,398 |
| ബി) | രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ എത്ര വാഹനങ്ങൾ സംസ്ഥാനത്ത് ഓടുന്നുവെന്നാണ് മോട്ടോർ വാഹനവകുപ്പ് കണക്കാക്കുന്നത്; ഇതിൽ എത്ര വാഹനങ്ങൾ നാളിതുവരെ പിടിച്ചെടുത്തിട്ടുണ്ട്; | (ബി) | മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടർ സിസ്റ്റത്തിൽ നിന്നുള്ള വിവരം അനുസരിച്ച് 614681 എണ്ണം സ്വകാര്യ വാഹനങ്ങൾ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞതായി കാണുന്നു. ഇതിൽ എത്ര വാഹനങ്ങൾ ഓടുന്നുണ്ടെന്ന് അറിയാൻ കഴിയില്ല. ഇത്തരം വാഹനങ്ങൾ ഓടുന്നതായി കണ്ടാൽ പിടിച്ചെടുത്ത് നടപടി സ്വീകരിക്കാറുണ്ട്. |
| (സി) | അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തശേഷം കേരളത്തിൽ ഓടുന്ന വാഹനങ്ങളുടെ എണ്ണം എത്രയാണ്; | | ഏകദേശം എണ്ണം - 1,26,188 |
| (ഡി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള വാഹന അപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം എത്രയെന്നാണ് ഗതാഗത വകുപ്പ് കണക്കാക്കിയിട്ടുള്ളത്; | (ഡി) | 2016 ജൂൺ മുതൽ 2019 ഏപ്രിൽ വരെ റോഡപകടങ്ങളിൽപ്പെട്ട് 12,392 മരണങ്ങൾ ഉണ്ടായിട്ടുണ്ട് |
| (ഇ) | അമിതവേഗം ഉൾപ്പെടെയുള്ള കാരണങ്ങളാൽ സംസ്ഥാനത്ത് ദിനംപ്രതി ശരാശരി എത്രപേർ മരണപ്പെടുന്നുവെന്നാണ് ഗതാഗത വകുപ്പ് വിലയിരുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | (ഇ) | ദിനംപ്രതി ഏകദേശം 11 മരണങ്ങൾ നടക്കുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. |
| (എഫ്) | അമിതവേഗം കാരണം ഈ സർക്കാർ കലയളവിനുള്ളിൽ നാളിതുവരെ എത്ര പേരുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ട്; ഇത്തരക്കാരുടെ ലൈസൻസ് ആയുഷ്ക്കാലം റദ്ദാക്കാൻ വകുപ്പ് എന്ത് നടപടി സ്വീകരിക്കും എന്ന് | (എഫ്) | അമിത വേഗത കാരണം ഈ സർക്കാർ കാലയളവിൽ നാളിതുവരെ 2192 ലൈസൻസുകൾ അയോഗ്യത ചെയ്തിട്ടുണ്ട്. ലൈസൻസുകൾ ആയുഷ്ക്കാലം റദ്ദാക്കാനുള്ള നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ